# സംഗീത ദേവതയായ സരസ്വതീദേവി



പ്രൊഫ. രുഗ്മിണീഗോപാലകൃഷ്ണൻ
റിട്ട. പ്രിൻസിപ്പാൾ,
ചെമ്പൈ മെമ്മോറിയൽ ഗവ. മ്യൂസിക് കോളേജ്

സരസ്വതീ ദേവി എന്നു വിചാരിക്കുമ്പോൾ ഉടൻ നമ്മുടെ മനസ്സിൽ വരുന്നത് കൈകളിൽ വീണ എന്ന വാദ്യം വായിച്ചുകൊണ്ടിരിക്കുന്ന ദേവിയുടെ സ്വരൂപമാണ്. കൈകളിൽ വീണ ഇല്ലാത്ത സരസ്വതിയെ ജ്ഞാന സരസ്വതി എന്നു പറയുന്നു. വാഗ്ദേവതയായ സരസ്വതീദേവി നമ്മുടെ ശരീരത്തിൽ പല പേരുകളിൽ വ്യാപിച്ചിരിക്കുകയാണ്. അത് ഇപ്രകാരമാകുന്നു,

തലയിൽ വശിനി വാഗ്ദേവതയായും നെറ്റിയിൽ കാമേശ്വരിയായും പുരികമദ്ധ്യത്തിൽ മോഹിനിയായും കഴുത്തിൽ വിമലയായും ഹൃദയത്തിൽ അരുണാവാഗ്ദേവതയായും നാഭിയിൽ ജയിനിയായും മർമ്മസ്ഥാനത്തിൽ സർവേശ്വരിയായും മൂലാധാരത്തിൽ ഗൗളിനിയായും വ്യാപിച്ചിരിക്കുന്നു.

**സരസ്വതീദേവിയുടെ വിവിധതരത്തിലുള്ള വീണയുടെ പേരുകൾ ഇപ്രകാരമാണ്.**

1. കച്ഛഭി
2. കപിസാലാ
3. ഗദാവാരണാ
4. കിന്നരി
5. ലഘുകിന്നരി
6. ഘോഷവതി
7. കുഞ്ചിക
8. വല്ല്യകി
9. വിപഞ്ചി
10. അലാവണി
11. ചിത്രാ
12. മധുസുന്ദരി
13. തിരികവി
14. കൂർമ്മി
15. ജേഷ്ടാ
16. സാരംഗി
17. ശതതന്തരി
18. പരിവർത്തി
19. ഉദമ്പരി
20. പിനാഗി
21. കഷ്കലാ
22. നിസ്സംഗാ
23. ബ്രഹ്മവീണാ
24. നഗുസൗഷ്ടി
25. തംസപി



സരസ്വതീദേവിയെ സദാ ധ്യാനിച്ചു കടാക്ഷത്തിന് പാത്രീഭൂതരായ ബ്രഹ്മൻ, വാല്മീകി, വ്യാസൻ, കാളിദാസൻ, യാജ്ഞവല്ക്യർ, ഭവഭൂതി, ആദിശങ്കരൻ, കമ്പർ ഭോജ മഹാരാജാവ്, വിശ്വാമിത്രൻ, വാചസ്പതി, മിഹിരർ, കുമരഗുരുവർ,ഒട്ടക്കൂത്തർ എന്നീ പ്രധാനികൾ കൂടാതെ പല യോഗികളും ജ്ഞാനികളും കൂടി ഉൾപ്പെടുന്നു. സരസ്വതീ ദേവിയെ അതികഠിനമായി ആരാധിച്ചവർ പലരുണ്ട്. അഷ്ട സരസ്വതീ രൂപങ്ങളിൽ ഒന്നായ ഘട സരസ്വതിയെ ദണ്ഡിമഹാകവിയും മറ്റൊരുരൂപമായ നീലദേശ്വരിയെ ചാലി വാഹനരാജാവായും ശ്യാമളാരൂപ സരസ്വതിയെ കാളിദാസനും ആരാധിച്ചതായി കാണുന്നു. ഇത് സരസ്വതീ മാഹാത്മ്യത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

നാം നദികളെ ദേവീ സ്വരൂപമായി വിചാരിച്ച് ആരാധിക്കുന്നു. വേദകാലത്തിൽ സരസ്വതീദേവിയെ നദിയായി ആരാധിച്ചിരുന്നു. പക്ഷേ സരസ്വതീനദി തല്ക്കാലം കാണാമറയത്തായി. അതിന് കാരണ ഭൂതമായ ഒരു കഥയുണ്ട്. വിരുദ്രൻ എന്ന അസുരന് പിപ്പലാദൻ എന്നൊരു മകനുണ്ടായിരുന്നു. തന്റെ പിതാവിനെ ദേവേന്ദ്രൻ കൊന്നൊടുക്കിയതിനാൽ പിപ്പലാദൻ ദേവൻമാരെ മുഴുവനും ഇല്ലാതാക്കാൻ ഘോരമായ തപസ്സ് ചെയ്തു. തപസ്സിന്റെ ഫലമായി തന്റെ തുടയിൽ തീ കത്തിച്ച് എല്ലാ സ്ഥലത്തും തപസ്സിന്റെ തീദേവപുരി മുഴുവനും വ്യാപിച്ചു. തീക്കനലിന്റെ ഉഗ്രത താങ്ങാനാകാതെ ദേവൻമാർ മുഴുവനും ബ്രഹ്മദേവനെ ശരണം പ്രാപിച്ചു. പക്ഷേ ബ്രഹ്മനാണെങ്കിൽ വീണാ വാണിക്ക് മാത്രമേ ഈ അഗ്നിയുടെ ഉഗ്രതാപത്തെ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കി, ഈ തീ ജ്വാലയെ കടലിൽ ചേർക്കാൻ പറഞ്ഞു. ഈ അഭ്യർത്ഥനക്ക് വാഗ്ദേവി എതിർപ്പൊന്നും പറഞ്ഞില്ല. പക്ഷേ ഈ കാര്യം സ്വീകരിക്കുന്നതിന് ദേവി ഒരു നിബന്ധന വച്ചു. പിപ്പലാദന്റെ ഉഗ്രതപസ്സിനാലുണ്ടായ താപത്തെ താങ്ങാൻ വളരെ പ്രയാസമാണ്. അതു കൂടാതെ തന്റെ നദിയിൽ നീരാടുന്ന ജനങ്ങൾ അവരുടെ പാപങ്ങൾ എല്ലാം നദിയിൽ കഴുകി കളയുന്നതിനാൽ ആ പാപങ്ങളെയും ചേർത്ത് എനിക്ക് താങ്ങാൻ സാധ്യമല്ല. അതുകൊണ്ട് മനുഷ്യരുടെ കണ്ണുകൾക്ക് കാണാൻ പറ്റാത്ത നദിയായി ഞാൻ ഒളിച്ചു വാഴാൻ ആഗ്രഹിക്കുന്നു എന്ന് വാഗ്ദേവി പറഞ്ഞു. ഗംഗ, യമുന, സരസ്വതി എന്ന മൂന്നു നദികളുടെയും സംഗമസ്ഥാനമായ ത്രിവേണീ സംഗമത്തിൽ ബ്രഹ്മദേവന്റെ അനുവാദത്തോടുകൂടി സരസ്വതീദേവി അന്തർവാഹിനിയായി ഇന്നും ഒഴുകുന്നു.

എന്തായാലും സരസ്വതീദേവിയെ എത്രത്തോളം ദിനംപ്രതി നാം ആരാധിക്കുന്നുവോ അത്രത്തോളം ദേവി നമുക്ക് അനുഗ്രഹം ചൊരിയും. അതിന്റെ ഫലമായി വാക്സ്പുരിതം, സംഗീതം, വാദ്യം, നൃത്തം മുതലായ 64 കലകളിലും നിസ്സംശയം തിളങ്ങാൻ പറ്റും. വാഗ്ദേവതയായ സരസ്വതീദേവിയുടെ അനുഗ്രഹം എല്ലാവർക്കും കിട്ടട്ടെ എന്ന് പ്രാർത്ഥിക്കുന്നു.